നം. സി.ഇ.ഇ/2593/2006/റ്റി.എ.1

**കേരള സർക്കാർ**

## പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

# പത്രക്കുറിപ്പ്

## MBBS/BDS കോഴ്സുകളിലേയ്ക്കുള്ള പ്രത്യേക അലോട്ട്മെന്റ് - 2007

MBBS/BDS കോഴ്സുകളിലേയ്ക്ക് ഇന്ന് (27.09.2007) പ്രസിദ്ധീകരിച്ച അലോട്ട്മെന്റിന്റെ വിശദ വിവരങ്ങൾ "**cee.kerala.gov.in**" എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

എല്ലാ കോളേജ് അധികാരികളും **28.09.2007 നു രാവിലെ** തന്നെ വെബ്സൈറ്റിൽ നിന്നും റ്റി.സി. നൽകേണ്ടുന്ന വിദ്യാർത്ഥികളുടെ ലിസ്റ്റ് ഡൗൺലോഡ് ചെയ്യേണ്ടതാണ്. പ്രവേശന നടപടികൾ പൂർത്തിയാക്കേണ്ട അവസാന ദിവസം അവധി ദിവസം (ഞായറാഴ്ച) ആയതിനാൽ MBBS/BDS കോഴ്സുകളിലേയ്ക്ക് പ്രവേശനം ലഭിച്ച എല്ലാ വിദ്യാർത്ഥികളും **28, 29 തീയതികളിൽ**ത്തന്നെ കോളേജിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്.

ഇതുവരെ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് **28.09.2007 നു വൈകുന്നേരം 5 മണി വരെ** തങ്ങളുടെ നിലവിലുള്ള അഡ്മിഷൻ ക്യാൻസൽ ചെയ്യാവുന്നതാണ്. നിലവിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾ പ്രവേശനം റദ്ദു ചെയ്യുന്നതിനുള്ള അപേക്ഷയുടെ മാതൃക "**www.cee-kerala.org**" എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത്, പൂരിപ്പിച്ച് കോളേജ് അധികാരിയുടെ ശുപാർശയോടുകൂടി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് നേരിട്ടോ/ഫാക്സ് മുഖേനയോ (**Fax No. 0471-2337228**) നിശ്ചിത സമയത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്.

തിരുവനന്തപുരം

27-09-2007 **പ്രവേശന പരീക്ഷാ കമ്മീഷണർ**